I/4571/2023

ഭരണഭാഷ – മാതൃഭാഷ

LSGD/PD/1224/2023-DED1

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,

തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pdlsgkerala@gmail.com
വെബ്സൈറ്റ്: www.principaldirectorate.lsgkerala.gov.in

തീയതി: 30-03-2023

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ജീവനകാര്യം - ഓൺലൈൻ പൊതു സ്ഥലംമാറ്റം - അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയക്രമം ദീർഘിപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന : ഈ ഓഫിസിലെ 23.03.2023 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓൺലൈൻ പൊതു സ്ഥലം മാറ്റത്തിനായി അപേക്ഷ നൽകുന്നതിന് സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്ന മാർഗ്ഗനിർദ്ദേശങ്ങളിലെ സമയക്രമങ്ങളിൽ ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തുന്നു.

1. പൊതു സ്ഥലം മാറ്റത്തിനായി ഓൺലൈൻ ആയി ജീവനക്കാർ അപേക്ഷ നൽകേണ്ടുന്ന അവസാന തീയതി **05.04.2023** വരെ ദീർഘിപ്പിക്കുന്നു.

2. ഓഫീസ് മേലധികാരികളും, ജില്ലാ ജോയിന്റ് ഡയറക്ടർമാരും 05.04.2023 നു തന്നെ അപേക്ഷകളുടെ പരിശോധനയും അപ്രൂവലും പൂർത്തീകരിക്കേണ്ടതാണ്.

3.എല്ലാ ജീവനക്കാരുടെയും ഇൻകുമ്പൻസി വിവരങ്ങൾ 02/04/2023 5 PM നു മുൻപായി സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഓഫീസ് മേലധികാരികൾ ഉറപ്പ് വരുത്തുന്നതിന് കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യം ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്. മേൽ നിർദ്ദേശം കൃത്യമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിലെയ്ക്കായി ഇന്റേർണൽ വിജിലൻസ് ഓഫീസർമാരുടെ നേതൃത്വത്തിൽ ആവശ്യമെങ്കിൽ Random വെരിഫിക്കേഷൻ നടത്തേണ്ടതാണ്. വീഴ്ച വരുത്തുന്ന ഓഫീസ് മേലധികാരികളുടെ / ജീവനക്കാരുടെ വിവരങ്ങൾ വിശദമായ റിപ്പോർട്ട് സഹിതം ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

4. ഓപ്പറേറ്റർ , വെരിഫയർ, അപ്രൂവർ ലോഗിനുകളിൽ 05.04.2023 -നു ശേഷം അപ്രൂവ് ചെയ്യാത്ത ഇൻകുമ്പൻസി വിവരങ്ങളോ, വെരിഫൈ ചെയ്ത് ഫോർവേർഡ് ചെയ്യാത്ത ട്രാൻസ്ഫർ അപേക്ഷകളോ ഇല്ല എന്ന് ബന്ധപ്പെട്ട ഓഫീസ് മേലധികാരികളും, ജില്ലാ ജോയിന്റ് ഡയറക്ടർമാരും, ചുമതലപ്പെട്ട മറ്റു ഉദ്യോഗസ്ഥരും നിർബന്ധമായും ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ പറഞ്ഞ പ്രകാരം ഉറപ്പ് വരുത്താത്ത പക്ഷം ഓപ്പറേറ്റർ, വെരിഫയർ, അപ്രൂവർ ആയി ചുമതലപ്പെടുത്തപ്പെട്ട ജീവനക്കാർ ആയതിനു വ്യക്തിപരമായി ഉത്തരവാദികൾ ആയിരിക്കുന്നതും ടിയാളുകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

I/4571/2023

5.എല്ലാ ഓഫീസ് മേലധികാരികളും, ജില്ലാ ജോയിന്റ് ഡയറക്ടർമാരും 31.03.2023 ന മുമ്പായി നിലവിലുള്ള വേക്കൻസി വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടതാണ്.

H. DINESHAN IAS
DIRECTOR

**പകർപ്പ്:** 1.വകുപ്പിലെ എല്ലാ ജീവനക്കാർക്കും ( ഓഫീസ് മേലധികാരി മുഖേന)

2.പ്രിൻസിപ്പൽ ഡയറക്ടറുടെ സി. എ. യ്ക്ക്

3.ഡയറക്ടർ ( അർബൻ ) ന്റെ സി. എ. യ്ക്ക്

4.ഡയറക്ടർ ( റൂറൽ ) ന്റെ സി. എ. യ്ക്ക്

5. ചീഫ് ടൌൺ പ്ലാനർ,

6.ചീഫ് എഞ്ചിനിയർ, L. I. D. & E. W.

7.എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും

8.വകുപ്പിലെ എല്ലാ ഓഫീസ് മേധാവികൾക്കും ( ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖാന്തിരം )

9.ജോയിന്റ് ഡയറക്ടർ, ഇന്റേണൽ എസ്റ്റാബ്ലിഷ്മെന്റ്

10.കരുതൽ / അധികം

**Signed by H. Dineshan Ias**
**Date: 30-03-2023 17:52:10**